# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3064

15.12.2015 - ൽ മറുപടിയ്ക്ക്

## കയർ തൊഴിലാളികളുടെ പുനരധിവാസം

| ചോദ്യം<br>ശ്രീ. വി.ശശി | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
|---|---|
| എ) വിവിധ കാരണങ്ങളാൽ തൊഴിൽ നഷ്ടപ്പെട്ട കയർ തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ ഏതെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) കയർ തൊഴിലാളികളുടെ ഉന്നമനത്തിനും, കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും, ഈ മേഖലയുടെ സമഗ്ര വികസനത്തിനുമായി നിലവിലുള്ള താഴെ പറയുന്ന പദ്ധതികളെല്ലാം കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.<br><br>1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര /പ്രവർത്തന മൂലധനം നൽകുന്നു<br><br>2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധന സഹായം നൽകി വരുന്നു.<br><br>3. കയറും കയറുൽപ്പന്നങ്ങളുടെയും വില്പനക്കുള്ള വിപണി വികസന സഹായം (50% സംസ്ഥാന വിഹിതം) (MDA) നൽകി വരുന്നു.<br><br>4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.<br><br>5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (Special Investment Subsidy) സബ്സിഡി നൽകി വരുന്നു.<br><br>6. കയർ വ്യവസായത്തിൽ |

നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.

7. ഉല്പാദനവും വിപണന പ്രചോദനവും (PMI) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.

8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് നൽകി വരുന്നു.

9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.

10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

11. കയർ ജിയോ ടെക്സ്റ്റയിൽസ് വികസന പരിപാടി നടപ്പിലാക്കുന്നു.

മേൽപ്പറഞ്ഞ പദ്ധതികൾക്കു പറമെ സംസ്ഥാനത്തെ കയർ മേഖല പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കയർ മേഖലക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലു ണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് **'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും'** എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച്, ചകിരി ഉൽപ്പാദിപ്പിച്ച് കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കി കയർ മേഖലയിലെ ചകിരി ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനും

| | |
|---|---|
| | അതുവഴി കയർ മേഖലയിലെ തൊഴിലും വരുമാനവും വർദ്ധിപ്പിച്ച് തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുമായാണ് പ ദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. |
| ബി) ഓരോ പദ്ധതിക്കായും നീക്കിവച്ച തുകയെത്രയെന്നും പ്രസ്തുത ഇനത്തിലെ ചെലവെത്രയെന്നും വ്യക്തമാക്കുമോ; | ബി) കയർ മേഖലയിൽ നടപ്പുവർഷം ഓരോ പദ്ധതിക്കായും നീക്കിവച്ച തുകയേയും ഓരോ ഇനത്തിലും 2015 ഡിസംബർ 04 വരെയുള്ള ചെലവിനേയും സംബന്ധിച്ച കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl. No. | Name of Scheme with Head of Account | Final Appropriation | Expenditure as on 4/12/15 |
|---|---|---|---|
| 1 | 2 | 3 | 4 |
| **A. STATE SECTOR SCHEMES** | | | |
| 1 | **2851-00-106-95**<br>Publicity Propaganda Including Trade Exhibitions | 80,000,000 | 12673203 |
| 2 | **2851-00-106-92 -01**<br>Market Development Assistance for sale of coir and coir products (50% CSS) | 80,000,000 | 75302950 |
| 3 | **2851-00-106-67**<br>Assistance for The Development of Coir Coir Geotextiles Development Programme | 3,000,000 | 0 |
| 4 | **2851-00-106-75**<br>Grant for Centres of Research and Development in Coir Technology | 62,000,000 | 29580605 |
| 5 | **2851-00-106-62**<br>Regulated Mechanisation of Coir Industry | 701,400,000 | 64034221 |
| 6 | **2851-00-106-61**<br>Training and Management Improvement | 10,000,000 | 886317 |
| 7 | **2851-00-106-54**<br>Production and Marketing Incentive (PMI) | 50,000,000 | 50000000 |
| 8 | **2851-00-106-34**<br>Price Fluctuation Fund | 150,000,000 | 149773996 |
| 9 | **2851-00-106-31**<br>Cluster development programme in coir sector | 15,000,000 | 0 |
| 10 | **4851-00-106-98**<br>Construction of Additional building to house Coir Directorate | 10,000,000 | 0 |
| 11 | **4851-00-195-62**<br>Govt. Share participation of coir Co-operatives | 7,500,000 | 647200 |
| 12 | **6851-00-106-89**<br>Margin Money Loan to Entrepreneurs | 500,000 | 0 |
| | **TOTAL (X)** | **1,169,400,000** | **382898492** |
| **B. CENTRAL SECTOR SCHEMES (50% CSS)** | | | |
| 1 | **2851-00-106-92 - 01**<br>Market Development Assistance for the sale of Coir and Coir Products | 100,000 | 0 |

| | | | |
|---|---|---|---|
| | (50% CSS) CENTRAL SHARE | | |
| **CENTRAL SHARE TOTAL (Y)** | | **100,000** | **0** |
| **Grand Total (X + Y)** | | **1,169,500,000** | **382898492** |

സെക്ഷൻ ഓഫീസർ